**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **05-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവൃത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മെഡിക്കൽ കോളേജിനു തറക്കല്ലിട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; | (എ) | **24/3/12 ലാണ് കാസർഗോഡ് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയത്. തുടർന്ന് 30/11/2013-ന് ആണ് കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2016 ഫെബ്രുവരി 25 മുതലാണ്.** |
| (ബി) | ഇതുവരെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതും മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതും എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഘട്ടം ഘട്ടമായാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവും കാമ്പസ് റോഡുകളുടെ നിർമ്മാണവുമാണ് പൂർത്തിയായിട്ടുള്ളത്. ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്കുകളും, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പൂർത്തിയാകാനുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളും, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സുകൾ, ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി, ഓഡിറ്റോറിയം, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. |
| (സി) | കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ട സമയത്തും അതിനു ശേഷവും | (സി) | കോന്നി സർക്കാർ മെഡിക്കൽ കോളേജിന് 25/01/2013 ന് ആണ് തറക്കല്ലിട്ടത്. ടി മെഡിക്കൽ |

| | | | |
|---|---|---|---|
| | ശിലാസ്ഥാപനം നടത്തിയ മറ്റു മെഡിക്കൽ കോളേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളേജുകൾ നിലവിൽ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ; | | കോളേജിൽ നിലവിൽ അഡ്മിഷൻ നടപടികൾ പൂർത്തിയായി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഇടുക്കി മെഡിക്കൽ കോളേജിന് 24/05/2013 ന് ആണ് തറക്കല്ലിട്ടത്. ടി മെഡിക്കൽ കോളേജിൽ നിലവിൽ അഡ്മിഷൻ നടപടികൾ പൂർത്തിയായി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഈ രണ്ട് കോളേജുകൾക്കും ജില്ലാ ആശുപത്രിയാണ് മെഡിക്കൽ കോളേജ് ആശുപത്രിയായി പ്രവർത്തിക്കുന്നത്. |
| (ഡി) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഇതുവരെയുള്ള നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതിനു ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ തുകയുടെ സ്രോതസ്സ് വ്യക്തമാക്കുമോ; | (ഡി) | കാസർഗോഡ് മെഡിക്കൽ കോളേജിൽ ഇതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.<br><br>ക്യാമ്പസ് റോഡ്, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം, കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്ക്, ഹോസ്പിറ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം, അധ്യാപക ക്വാർട്ടേഴ്സ് ഗേൾസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം.<br><br>ടി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി നിലവിൽ 72.6588 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>സ്റ്റേറ്റ് പ്ലാൻ ഫണ്ട്, കാസർഗോഡ് വികസന പാക്കേജ്, നബാർഡ് ഫണ്ട് എന്നിവ വഴിയാണ് മേൽ നിർമ്മാണ പ്രവർത്തികൾക്ക് പണം ചിലവഴിച്ചിട്ടുള്ളത്. |
| (ഇ) | കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെല്ലാം പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളതെന്നും അതിനുവേണ്ടിവരുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ; ഈ തുക കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഇ) | ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്കുകളും, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പൂർത്തിയാകാനുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളും, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സുകൾ, ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി, ഓഡിറ്റോറിയം, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി സിവിൽ, ഫയർ ഫൈറ്റിങ് ജോലികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ 53 കോടിയോളം രൂപ കണ്ടെത്തേണ്ടതുണ്ട്. |
| (എഫ്) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവൃത്തനം എപ്പോൾ ആരംഭിക്കാൻ | (എഫ്) | കാസർഗോഡ് മെഡിക്കൽ കോളേജിൽ നിലവിൽ ഓ.പി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഐ.പി വിഭാഗം |

| | | | |
|---|---|---|---|
| | സാധിക്കുമെന്ന് വ്യക്തമാക്കുമോ; | | ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നടന്നു കൊണ്ടിരിക്കുന്ന നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകു ന്നതാണ്. |
| (ജി) | കാസർഗോഡ് മെഡിക്കൽ കോളേജിൽ രോഗികൾക്ക് വേണ്ടി ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ജി) | മെഡിക്കൽ കോളേജിൽ 7 ഓ.പി വിഭാഗങ്ങളും, 1ഡെന്റൽ സർജറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ